# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.245 10.12.2018 -ൽ മറുപടിക്ക്

## കുട്ടികളുടെ ത്രിഭാഷാ ശേഷി മെച്ചപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.ഐ.ബി. സതീഷ് | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ ത്രിഭാഷാ ശേഷി മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ; | എ) സംസ്ഥാനത്തെ സ്കൂളുകളിൽ അഞ്ചാം ക്ലാസു മുതൽ പത്താം ക്ലാസുവരെ ത്രിഭാഷാ പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഒന്നാം ഭാഷയായി മാതൃഭാഷയും രണ്ടും മൂന്നും ഭാഷകളായി ഇംഗ്ലീഷ്, ഹിന്ദി എന്നിവയും പഠിപ്പിച്ചു വരുന്നു. സെക്കണ്ടറി തലത്തിൽ ഭാഷകളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടേറ്റിന്റെ നേതൃത്വത്തിൽ "'ശ്രദ്ധ " എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മലയാള ഭാഷാ പഠനം പ്രോൽസാഹിപ്പിക്കുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) ഗവേഷണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച "എന്റെ മലയാളം", ഇംഗ്ലീഷ് പഠനം പ്രോൽസാഹിപ്പിക്കുന്നതിന് ആരംഭിച്ച പ്രത്യേക പദ്ധതി എന്നിവയിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ പരിപാടികൾ നടപ്പിലാക്കി വരുന്നത്.ദൈനംദിന ക്ലാസ്സ് റൂം പഠനത്തിന് പുറമെ ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിനായി 'ഹലോ ഇംഗ്ലീഷ് ' പദ്ധതിയും ഹിന്ദി ഭാഷാ വികസനത്തിനായി പ്രത്യേക പദ്ധതിയായി 'സുരീലി ഹിന്ദിയും' നടപ്പാക്കിവരുന്നു |
| ബി) ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായുള്ള 'ഹലോ ഇംഗ്ലീഷ്' പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി എല്ലാ പൊതു വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനായി സമഗ്രശിക്ഷാ കേരള മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "ഹലോ ഇംഗ്ലീഷ്" കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ ഉണർത്തുന്ന തരത്തിലുള്ള വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങളിലൂടെയാണ് "ഹലോ ഇംഗ്ലീഷ് "പഠനം നടപ്പിലാക്കുന്നത്. വേനൽ അവധിക്കാലത്ത് പരിശീലനം നൽകുകയും,' ടീച്ചേഴ്സ് ജേർണൽ ' എന്ന പേരിൽ ഒരു പ്രവർത്തന പുസ്തകവും ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ലോകഭാഷയായ ഇംഗ്ലീഷിന് ലഭിക്കുന്നത്ര പ്രാധാന്യം മാതൃഭാഷയ്ക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളും ഔദ്യോഗിക ഭാഷയായ മലയാളം നിപുണ നിലവാരത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാവണമെന്ന കാഴ്ചപ്പാടോടെയും ലക്ഷ്യവും മുൻനിർത്തി മലയാള ഭാഷാ പഠന ആക്ട് -2017 നടപ്പിലാക്കിയിട്ടുണ്ട്. മലയാളത്തിൽ അടിസ്ഥാന ഭാഷാ ശേഷി ഇല്ലാത്ത കുട്ടികൾക്കായുള്ള പഠന പിന്തുണാ പദ്ധതിയായി "മലയാളത്തിളക്കം" എല്ലാ വിദ്യാലയങ്ങളിലും നടത്തിവരുന്നു. കൂടാതെ ഭാഷാ വികാസത്തിനായി കുട്ടിയുടെ വായന പരിപോഷിപ്പിക്കാനായുള്ള പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| ഡി) | ഹയർ സെക്കന്ററി തലത്തിൽ എല്ലാ വിഷയങ്ങൾക്കുമുള്ള പാഠപുസ്തകം മാതൃഭാഷയിൽ കൂടി ലഭ്യമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | ഡി) | ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ പരിഭാഷ നിർവ്വഹിക്കുന്നതിനായി എസ്. സി. ഇ. ആർ.ടി.യെ ചുമതലപ്പെടുത്തി. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിവരുന്നു. നിലവിൽ പരിഭാഷ പൂർത്തിയായ പാഠപുസ്തകങ്ങളുടെ, അച്ചടിയ്ക്കുള്ള അനുമതി സംബന്ധിച്ചവിഷയം സർക്കാർ പരിഗണനയിലാണ്. |
| ഇ) | മാതൃഭാഷ പഠിക്കാതെ ബിരുദമെടുക്കാൻ കഴിയുന്ന സ്ഥിതി മാറ്റാനായി നടത്തുന്ന പ്രവർത്തനം എന്തൊക്കെയെന്ന് അറിയിക്കാമോ; സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും മാതൃഭാഷ പഠിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | ഇ) | സംസ്ഥാനത്ത് സി.ബി.എസ്.ഇ. , ഐ.സി..എസ്.ഇ. തുടങ്ങിയ കേന്ദ്ര ബോർഡുകളുടെ സിലബസ് പിൻതുടരുന്ന സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് 2017 ലെ മലയാള ഭാഷപഠന നിയമത്തിലും 2018 ലെ മലയാള ഭാഷാപഠന ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| എഫ്) | നിലവിലെ അക്കാദമിക വർഷം അക്കാദമിക മികവിന്റെ വർഷമായി പ്രഖ്യാപിച്ച കൊണ്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | എഫ്) | 2018 -19 അക്കാദമിക വർഷം അക്കാദമിക മികവിന്റെ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ സ്കൂൾതല പ്രവർത്തന പദ്ധതികളാക്കി മാറ്റുന്ന പ്രവർത്തനം പൂർത്തിയായി വരുന്നു. ഈ പ്രവർത്തന പദ്ധതികളിൽ നിന്നും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ നടത്താൻ സ്കൂളുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന ഭാഷാ ശേഷികൾ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നതിന് 22 പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രം, സാമൂഹിക ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിൽ മെച്ചപ്പെട്ട പഠനാനുഭവങ്ങൾക്കുള്ള പദ്ധതികളും നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ